## തിരുവനന്തപുരം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം

വിഷയം: ആവഡ- ആരോഗ്യ വകുപ്പിലെ രണ്ടാം ഗ്രേഡ് ഡ്രൈവർമാരുടെ 01/09/2011 മുതൽ 31/12/2014 വരെയുള്ള കാലയളവിലെ താത്കാലിക സീനിയോരിറ്റിപട്ടിക പ്രസിദ്ധീകരിച്ചുകൊണ്ടുള്ള ഉത്തരവ്.

സൂചന:
1. ഈ ആഫീസിലെ 09/11/2012 ലെ ഇ.എസ് 2/70525/11/ആവഡ എന്ന നമ്പർ ഉത്തരവ്.
2. ഈ ആഫീസിലെ 11/02/2015 ലെ ഇതേ നമ്പർ സർക്കുലർ

## ഉത്തരവ് നമ്പർ – ഇ.എസ് 2/7000/2015/ആവഡ, തീയതി.17/07/2015

സൂചന 1 പ്രകാരം ആരോഗ്യ വകുപ്പിലെ ഡ്രൈവർമാരുടെ 01/11/2007 മുതൽ 31/08/2011 വരെയുള്ള കാലയളവിലെ സീനിയോരിറ്റിപട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിന് തുടർച്ചയായി 01/09/2011 മുതൽ 31/12/2014 വരെയുള്ള കാലയളവിൽ ആരോഗ്യ വകുപ്പിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ള രണ്ടാം ഗ്രേഡ് ഡ്രൈവർമാരുടെ പ്രാഥമിക സീനിയോരിറ്റിപട്ടിക ഇതോടൊപ്പം പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടവരിൽ പി.എസ്.സി മുഖാന്തിരം നിയമനം ലഭിച്ചവർക്ക് അവയുടെ ശുപാർശ തീയതി മുതലും ആശ്രിത നിയമനം, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, സ്പോഴ്സ് ക്വാട്ട എന്നിവ മുഖാന്തിരം നിയമനം ലഭിച്ചവർക്ക് ബന്ധപ്പെട്ട നിയമന അധികാരിയായ ജില്ലാ മെഡിക്കൽ ആഫീസറുടെ നിയമന ഉത്തരവിന്റെ തീയതി മുതലും അന്തർജില്ലാ സ്ഥലംമാറ്റം നേടിയവർക്ക് അവർ പുതിയ ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതലും ജോലിയിൽ പ്രവേശിക്കേണ്ട തീയതി ദീർഘിപ്പിച്ചു കിട്ടിയവർക്ക് അവയുടെ കാലാവധി കഴിഞ്ഞ് ജോലിയിൽ പ്രവേശിച്ച തീയതി മുതലുമാണ് സീനിയോരിറ്റി കണക്കാക്കിയിരിക്കുന്നത്. കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കണ്ണൂർ എന്നീ ജില്ലകളിൽനിന്നുള്ളവരുടെ വിവരങ്ങൾ ടി പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

പ്രസ്തുത സീനിയോരിറ്റിപട്ടികയ്ക്കെതിരെ ആർക്കെങ്കിലും ആക്ഷേപം സമർപ്പിക്കാനുണ്ടെങ്കിൽ അവ ഈ ഉത്തരവ് തീയതി മുതൽ 30 ദിവസത്തിനകം നേരിട്ടോ തപാൽമാർഗ്ഗമോ ഈ സെക്ഷനിൽ ഹാജരാക്കേണ്ടതാണ്.

ഒപ്പ്
പി.വി.മനോജ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താക്കൾ
1. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും.
2. എല്ലാ സ്ഥാപന മേലധികാരികൾക്കും.
3. ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും
4. എച്ച്. ടി. സെക്ഷൻ
5. ഫയൽ/ കരുതൽ ഫയൽ

// അംഗീകാരത്തോടെ//

സൂപ്രണ്ട്.